File No.SJD/1673/2020-E1

150 YEARS OF CELEBRATING THE MAHATMA

സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ
(ഹാജർ: ഷീബ ജോർജ്ജ് .ഐ.എ.എസ് )

ഉത്തരവ് നം. SJD/1673/2020-E1

തിരുവനന്തപുരം,
തീയതി. 13/05/2020

വിഷയം: സാമൂഹ്യനീതി വകുപ്പ്-ജീവനക്കാര്യം-സീനിയർ സൂപ്രണ്ട് തസ്തികയിൽ താൽക്കാലിക ഉദ്യോഗക്കയറ്റ നിയമനം അനുവദിച്ചും ചുമതല ക്രമീകരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം : സ.ഉ (സാധാ) നം.194/2020/സാ.നീ.വ തീയതി.12.05.2020

സാമൂഹ്യനീതി വകുപ്പിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ച് വന്നിരുന്ന ശ്രീ .പ്രകാശ്.യു, ശ്രീ.സുനിൽകുമാർ.കെ എന്നീ ജീവനക്കാർക്ക് കെ.എസ്.&എസ്.എസ്.ആർ ഭാഗം II ചട്ടം 31 എ (1)ന് ഇളവ് നൽകി സീനിയർ സൂപ്രണ്ട് തസ്തികയിൽ താൽക്കാലിക ഉദ്യോഗക്കയറ്റ നിയമനം അനുവദിച്ച് സർക്കാർ പരാമർശം പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

ഈ സാഹചര്യത്തിൽ ശ്രീ.പ്രകാശ്.യു, ശ്രീ.സുനിൽകുമാർ.കെ എന്നീ ജീവനക്കാർക്ക് കെ.എസ്.&എസ്.എസ്.ആർ ഭാഗം II ചട്ടം 31 എ (1) പ്രകാരം 36600-79200 രൂപ ശമ്പള സ്കെയിലിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ ചുവടെ വിവരിക്കും വിധം താൽക്കാലിക ഉദ്യോഗക്കയറ്റം നിയമനം അനുവദിച്ചും ജീവനക്കാരുടെ ചുമതല ക്രമീകരിച്ചും ഉത്തരവ് പുറപ്പെടുവിക്കാവുന്നു.

| സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നം | ജീവനക്കാരുടെ പേര്<br>തസ്തിക<br>നിലവിൽ സേവനമനുഷ്ഠിക്കുന്ന കാര്യാലയം | താൽക്കാലിക ഉദ്യോഗക്കയറ്റ നിയമനം അനുവദിച്ച് നിയമിക്കുന്ന തസ്തിക കാര്യാലയം | ചുമതല ഏറ്റെടുക്കേണ്ട ജീവനക്കാരന്റെ പേര്<br>തസ്തിക<br>കാര്യാലയം |
|---|---|---|---|
| 1 | ശ്രീ.പ്രകാശ്.യു<br>ജൂനിയർ സൂപ്രണ്ട്<br>ജില്ല സാമൂഹ്യനീതി ഓഫീസ് പാലക്കാട് | സീനിയർ സൂപ്രണ്ട്<br>ജില്ല സാമൂഹ്യനീതി ഓഫീസ്<br>കാസർഗോഡ് | ശ്രീ.സഞ്ജയൻ എം.വി.<br>ഹെഡ് അക്കൌണ്ടന്റ്<br>ജില്ല സാമൂഹ്യനീതി ഓഫീസ് പാലക്കാട് |
| 2. | ശ്രീ.സുനിൽ കുമാർ.കെ<br>ജൂനിയർ സൂപ്രണ്ട്<br>സാമൂഹ്യനീതി ഡയറക്ടറേറ്റ് | സീനിയർ സൂപ്രണ്ട്<br>ജില്ല സാമൂഹ്യനീതി ഓഫീസ് കൊല്ലം | ശ്രീമതി.ശ്രീജ ചന്ദ്രൻ<br>ജൂനിയർ സൂപ്രണ്ട്<br>സാമൂഹ്യനീതി ഡയറക്ടറേറ്റ് |

**File No.SJD/1673/2020-E1**

ശ്രീ.സുനിൽകുമാർ.കെയെ 13/05/2020 അപരാഹ്നം പ്രാബല്യത്തിൽ ഈ കാര്യാലയത്തിലെ ചുമതലകളിൽ നിന്നും വിടുതൽ ചെയ്തു കൊണ്ട് ഉത്തരവാകുന്നു . ജീവനക്കാർ ഉടൻ പ്രാബല്യത്തിൽചുമതല കൈമാറുകയും ജോലിയിൽ പ്രവേശിയ്ക്കേണ്ടതുമാണ്

(ഒപ്പ്)

സാമൂഹ്യനീതി ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

<u>പകർപ്പ് :</u>

1. അക്കൗണ്ടന്റ് ജനറൽ എ&ഇ കേരള തിരുവനന്തപുരം
2. ജില്ല സാമൂഹ്യനീതി ഓഫീസർ പാലക്കാട്
3. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

74290/2020/FC

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യ നീതി വകുപ്പ് - ജീവനക്കാര്യം - സീനിയർ സൂപ്രണ്ട് തസ്തികയിൽ താൽക്കാലിക ഉദ്യോഗക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യ നീതി (എ) വകുപ്പ്**

സ.ഉ (സാധാ) നം.**194/2020/സാ.നീ.വ.** തീയതി, തിരുവനന്തപുരം, **12.05.2020**.

പരാമർശം: 1) 03.06.1999 ലെ 5328/Rules-1/99/P&ARD നമ്പർ സർക്കുലർ.

2) സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറുടെ 27.04.2020 ലെ SJD/1673/2020-E1 നമ്പർ കത്ത്.

**ഉത്തരവ്**

സാമൂഹ്യ നീതി ഡയറക്ടറേറ്റിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ച് വരുന്ന ശ്രീ. സുനിൽ കുമാർ. കെ 31.05.2020 ൽ സേവനത്തിൽ നിന്നും വിരമിക്കുകയാണെന്നും സാമൂഹ്യ നീതി വകുപ്പിൽ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുന്ന സീനിയർ സൂപ്രണ്ട് തസ്തികയിൽ ആകെയുള്ള 18 തസ്തികകളിൽ 2 ഒഴിവുണ്ടെന്നും വകുപ്പിൽ നിലവിൽ സേവനമനുഷ്ഠിച്ചുവരുന്ന ജൂനിയർ സൂപ്രണ്ടുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ശ്രീ.സുനിൽ കുമാർ.കെ രണ്ടാമനാണെന്നും ജൂനിയർ സൂപ്രണ്ടുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ഒന്നാമതായുള്ള ശ്രീ.പ്രകാശ്.യു 09.05.2017 ൽ നിരീക്ഷണ കാലം പൂർത്തിയാക്കിയതായും, ശ്രീ. സുനിൽ കുമാർ.കെ 11.04.2017 ൽ നിരീക്ഷണ കാലം പൂർത്തിയാക്കിയതായും ആയതിനാൽ ടി ജീവനക്കാർക്ക് സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം ലഭിയ്ക്കുന്നതിന് ആവശ്യമായ ഒഴിവ് നിലവിലുള്ളതിനാൽ ഉദ്യോഗക്കയറ്റം നൽകി നിയമിയ്ക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിയ്ക്കണമെന്ന് പരാമർശം (2) പ്രകാരം സാമൂഹ്യ നീതി ഡയറക്ടർ ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

2) സർക്കാർ ഈ വിഷയം പരിശോധിച്ചു. ശ്രീ. സുനിൽ കുമാർ. കെ 31.05.2020 ന് സർവ്വീസിൽ നിന്നും വിരമിയ്ക്കുന്ന സാഹചര്യവും സീനിയർ സൂപ്രണ്ട് തസ്തികയിൽ 2 ഒഴിവുകൾ നിലവിലുള്ള സാഹചര്യവും സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടിക്രമം പൂർത്തിയാകാത്ത സാഹചര്യവും കണക്കിലെടുത്ത് ചുവടെ ചേർത്തിട്ടുള്ള ജൂനിയർ സൂപ്രണ്ടുമാർക്ക് KS&SSR ഭാഗം-II, ചട്ടം 31(a)(i) ന് ഇളവ് നൽകിക്കൊണ്ട് സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് താൽക്കാലിക സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | പേര് | സീനിയോറിറ്റി നം. | പ്രൊബേഷൻ പൂർത്തീകരിച്ച തീയതി |
|---|---|---|---|
| 1 | ശ്രീ. പ്രകാശ്. യു | 1 | 09.05.2017 |
| 2 | ശ്രീ. സുനിൽ കുമാർ. കെ | 2 | 11.04.2017 |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**ലീലാമണി. കെ.എം,**

**അഡീഷണൽ സെക്രട്ടറി.**

ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ/എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ